പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *166 22.01.2014 ൽ മറുപടിക്ക്

**പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.റ്റി.എൻ.പ്രതാപൻ**<br>**ശ്രീ.കെ.ശിവദാസൻ നായർ** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം കൊണ്ടു വരുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ)യും,(ബി)യും,(സി)യും,(ഡി)യും കേരള പോലീസ് സേനയുടെ അംഗബലം പോലീസ് ജനസംഖ്യാനുപാതം 1:500 എന്ന നിരക്കിൽ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന സംസ്ഥാന സുരക്ഷാ കമ്മീഷൻ അഭിപ്രായപ്പെട്ടതിന്റെ വെളിച്ചത്തിൽ, അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിച്ച് 68,000 ആയി ഉയർത്തുന്നതിന്റെ ആദ്യപടിയായി 2500 തസ്തികകൾ സൃഷ്ടിക്കുന്നതിനായി, ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ അംഗസംഖ്യ ഉയർത്തുന്നതിനായി 2500 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടേയും 250 വനിതാ എസ്.ഐ മാരുടേയും തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള പ്രൊപ്പോസലും സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | |
| സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ; | |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ